## 1134

വന്നിടുവിൻ- ഇപ്പോൾ വന്നിടുവിൻ നിന്നെ യേശു വിളിക്കുന്നിതാ!
രക്ഷ തന്നിടുവാൻ മോക്ഷം നൽകിടുവാൻ
യേശുക്രിസ്തു വിളിക്കുന്നിതാ!

1 വിണ്ണിൻമഹിമ വിട്ടു മണ്ണിലിറങ്ങി ഘോര
ക്രൂശിൽ മരിച്ചുയിർത്തു രക്ഷകൻ ജീവിക്കുന്നു-

2 അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും
ആശ്വാസം നൽകിടുവാൻ യേശു വിളിക്കുന്നിതാ-

3 സ്വർഗ്ഗത്തിൻ പാതയും താൻ സത്യവും ജീവനും താൻ
ജീവന്റെ അപ്പവും താൻ ജീവനെ തന്നവൻ താൻ-

4 മൃത്യു വരുന്നതിൻ മുൻ ക്രിസ്തുവിലാശ്രയിപ്പിൻ
നിത്യമാം ദണ്ഡനത്തിൽ നിത്യമുഴന്നിടാതെ-

5 യേശുവിൻ പാദേ വീണു പാപങ്ങളേറ്റു ചൊന്നാൽ
പാപവിമോചനം താൻ തന്നിപ്പോൾ സ്വീകരിക്കും- **G.P.**